പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ:1218

12.07.2011-ൽ ബഹു: മുഖ്യമന്ത്രി
മറുപടി നൽകേണ്ടത്.

## ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിലെ സേവന വ്യവസ്ഥകൾ

ചോദ്യം: ശ്രീ.മോൻസ് ജോസഫ്:

ഉത്തരം: **ശ്രീ.ഉമ്മൻചാണ്ടി**
ബഹു:മുഖ്യമന്ത്രി

| | ചോദ്യം: | ഉത്തരം |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിച്ച ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിലെ സേവന വ്യവസ്ഥകൾനടപ്പിലാക്കാൻ തുടങ്ങിയോ; | തുടങ്ങി.<br>9-ാം ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്ക്കരിച്ചു കൊണ്ട്ധനകാര്യ വകുപ്പിൽ നിന്നും 26.02.2011 - ൽ 85/2011/ധന നമ്പരായി ഉത്തരവ് പുറപ്പെടു വിച്ചിട്ടുണ്ട്.<br>അവധി യാത്രാ സൗജന്യം, പെറ്റേണിറ്റി അവധി, അംഗവൈകല്യം/ ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ സർക്കാർ ജീവനക്കാരായ മാതാപിതാക്കൾക്ക് അനുവദിക്കുന്ന 15 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ അവധി, കീമോതെറാപ്പി, റേഡിയേഷൻ, വൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയ എന്നിവയ്ക്ക് വിധേയമാകുന്ന സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന 45 ദിവസത്തെ കാഷ്വൽ അവധി, അർദ്ധ വേതനാവധി എടുക്കുമ്പോൾ ലഭിക്കുന്ന അവധിക്കാല വേതനം പരിഷ്ക്കരിക്കൽ തുടങ്ങിയവ സംബന്ധിച്ചുള്ള ശുപാർശകൾ പരിശോധിച്ചു വരുന്നു. |

| | | |
|---|---|---|
| (ബി) | പ്രസ്തുത പരിഷ്ക്കരണ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ തട്ടിലെ ജീവനക്കാർക്ക് എച്ച്.എസ്.എ മുതലായ തസ്തികകളിലേയ്ക്കുള്ള 10% ബൈ ട്രാൻസ്ഫർ പ്രൊമോഷൻ സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ; | ഈ വിഷയത്തിൽ ഉത്തരവുകളൊന്നും ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | സെക്രട്ടറിയേറ്റ്/പി.എസ്.സി/ലോക്കൽ ഫണ്ട് ആഡിറ്റ് മുതലായ സ്ഥാപന ങ്ങളിലേയ്ക്ക് അസിസ്റ്റന്റ് തസ്തിക യിൽ നിലവിൽ 2% മാത്രമാണ് ബൈ ട്രാൻസ്ഫർ പ്രൊമോഷൻ. ഇത് വർ ദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടു ണ്ടോ; എങ്കിൽ എന്തൊക്കെ? | ഉണ്ട്.<br>സെക്രട്ടറിയേറ്റിലെ അസിസ്റ്റന്റ് തസ്തികയിലേ യ്ക്ക് 17.05.2010 ലെ ജി.ഒ.(എം.എസ്) നം:196/2010 /ജി.എ.ഡി നമ്പർ ഉത്തരവു പ്രകാരവും ലോക്ക ൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഓഡിറ്റർ തസ്തി കയിലേയ്ക്ക് 04/06/2011-ലെ ജി.ഒ.(എം.എസ്) നം. 252/2011/ഫിൻ. നമ്പർ ഉത്തരവു പ്രകാരവും താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ബൈട്രാൻസ് ഫർ പ്രമോഷൻ നിലവിലെ 2% ത്തിൽ നിന്നും 4% ആയി ഉയർത്തി യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ